LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കുമാരൻ: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബീഡി വ്യവസായ മേഖല ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ഇവിടെ വിശദീകരിച്ചത്. മൂന്ന് അംഗങ്ങൾ അവതരിപ്പിച്ച പ്രമേയമായതുകൊണ്ട് അതിനെ അതിന്റെ ഗൗരവത്തിൽ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബീഡി വ്യവസായം കഴിഞ്ഞ കുറെ വർഷങ്ങളായി പ്രതിസന്ധിയിലാണ്. പുകവലിക്കെതിരായുള്ള സർക്കാരിന്റേയും സന്നദ്ധ സംഘടനകളുടേയും പ്രചരണവും പൊതു സ്ഥലങ്ങളിൽ പുകവലി നിരോധിച്ചു കൊണ്ടുള്ള കോടതി ഉത്തരവും പ്രതിസന്ധിയെ ഗുരുതരമാക്കിയിരിക്കുകയാണ്. പുകവലി നിരോധനം ഏർപ്പെടുത്തിയ അവസരത്തിൽ വ്യവസായ രംഗത്ത് പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്ക് യാതൊരു സംരക്ഷണവും ലഭിച്ചിട്ടില്ല. എക്സൈസ് ഡ്യൂട്ടിയും സെയിൽസ് ടാക്സും ഒഴിവാക്കാത്തതുകാരണം ഉല്പാദനച്ചെലവ് കൂടുകയും ചെയ്തു. കണ്ണൂരിലെ പ്രസിദ്ധമായ കേരള ദിനേശ് ബീഡി സഹകരണസംഘത്തിന്റെ അഭ്യർത്ഥനയെത്തുടർന്ന് സെക്രട്ടറി തലത്തിൽ യോഗം വിളിച്ചുകൂട്ടുകയും എക്സൈസ് ഡ്യൂട്ടി ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇന്ന് 12 മണിക്ക് ദിനേശ് ബീഡി സഹകരണസംഘവുമായി ഈ വിഷയത്തിൽ ചർച്ച നടത്തുന്നുണ്ട്. മാത്രമല്ല, ഒരു കമ്മിറ്റി രൂപീകരിക്കാമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുള്ളതാണ്, അതിന്റെ നടപടി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ബീഡിത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുംവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് അതിന്റെ പ്രഖ്യാപനം ഉടനെയുണ്ടാകുന്നതാണ്.

(2) വെള്ളറട കേന്ദ്രമാക്കി പുതിയ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

ശ്രീ. തമ്പാനൂർ രവി: സർ, കേരളത്തിലെ ഏറ്റവും വലിയ പോലീസ് സർക്കിളാണ് നെയ്യാറ്റിൻകര. പ്രാവച്ചമ്പലം മുതൽ തമിഴ്നാട്ടിലെ ആറുകാണി വരെ നീണ്ടു കിടക്കുന്ന വലിയൊരു അതിർത്തിയാണ്. ബാലരാമപുരം, നെയ്യാറ്റിൻകര, വെള്ളറട എന്നീ മൂന്നു പോലീസ് സ്റ്റേഷനുകളാണ് അതിൽ വരുന്നത്. ആര്യൻകോട് 60 വർഷം പഴക്കമുള്ള ഒരു ഔട്ട്പോസ്റ്റുണ്ട്. അത് പോലീസ് സ്റ്റേഷനാക്കി ഉയർത്തിയിട്ടുമുണ്ട്. ആ പോലീസ് സ്റ്റേഷനും വെള്ളറടയും കൂടി ചേർത്ത് ഒരു പുതിയ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് വേണമെന്നുള്ളതാണ് ആവശ്യം. ഇതുസംബന്ധിച്ച് 2004 ജനുവരി 23-ലെ ബഡ്ജറ്റ് സ്പീച്ചിൽ പേജ് 34, പാര 168-ൽ പറഞ്ഞിട്ടുള്ളത്, പോലീസ് വകുപ്പിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വെള്ളറടയിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് കൂടി രൂപീകരിക്കുന്നതാണ് എന്നാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ആ ഏക

സർക്കിൾ ഓഫീസിന് ഒരു വർഷം കഴിഞ്ഞിട്ടും യാതൊരു നടപടികളും ആരംഭിച്ചിട്ടില്ല. ഈ പ്രശ്നം ഗൗരവമായി മനസ്സിലാക്കി അടിയന്തിരമായി വെള്ളറടയിൽ ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വെള്ളറടയിൽ ഒരു പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതാണ്. അതുസംബന്ധിച്ചുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. എത്രയുംവേഗം അതിന്റെ നടപടിക്രമം പൂർത്തീകരിച്ച് വെള്ളറടയിൽ ഒരു സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) കൊടുങ്ങല്ലൂരിലെ പെരിഞ്ഞനത്തും പുല്ലൂറ്റും നടന്ന ക്രൂരകൃത്യങ്ങൾ

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പുല്ലൂറ്റും പരിസര പ്രദേശങ്ങളിലും ദുരൂഹമായ രീതിയിൽ തലയ്ക്ക് അടിയേറ്റ് ആളുകൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കുകയാണ്. 2004 മാർച്ച് 26-ന് മാള പള്ളിപ്പുറത്ത് കളപ്പറമ്പത്ത് നബീസയും മരുമകൾ ഫൗസിയയും കൊല്ലപ്പെടുകയും ആ വീട്ടിലെതന്നെ രണ്ടുപേർക്ക് മാരകമായ പരിക്കേല്ക്കുകയും ചെയ്തു. ഇതിൽ മരണപ്പെട്ട ഫൗസിയ കൊടുങ്ങല്ലൂർ സ്വദേശിനിയാണ്. 2004 ഒക്ടോബർ മൂന്നിന് കൊടുങ്ങല്ലൂർ പെരിഞ്ഞനത്ത് കളപ്പുരയ്ക്കൽ സഹദേവൻ, ഭാര്യ നിർമ്മല എന്നിവർ ദുരൂഹമായ രീതിയിൽ തലയ്ക്കടിയേറ്റു മരിച്ചു. കഴിഞ്ഞ ഫെബ്രുവരി 18-ന് കൊടുങ്ങല്ലൂരിലെ പുല്ലൂറ്റ് വടക്കേടത്ത് അരവിന്ദാക്ഷമേനോൻ അദ്ദേഹത്തിന്റെ ഭാര്യ ഓമന എന്നിവരേയും തലയ്ക്കടിച്ച് ഗുരുതരമായി പരിക്കേല്പിച്ച സംഭവമുണ്ടായിരിക്കുകയാണ്. ഇവരിൽ ഒരാളുടെ അവസ്ഥ ഇന്നും ഗുരുതരമായി തുടരുകയാണ്. ഓർമ്മ തിരിച്ചുകിട്ടിയിട്ടില്ല. അന്വേഷണം നടത്തുന്നത് പല ഏജൻസികളാണ്. ഈ കുറ്റകൃത്യങ്ങൾക്ക് ഏറെ സമാനതകളുണ്ട്. അന്വേഷണ ഏജൻസികൾ ഇരുട്ടിൽ തപ്പുകയാണ്. ഒരു തെളിവും ബാക്കിവയ്ക്കാതെയാണ് ഈ ദുരൂഹ സംഭവങ്ങൾ നടന്നിരിക്കുന്നത് എന്നാണ് പോലീസ് പറയുന്നത്. ഏതു കുറ്റകൃത്യത്തിലും ദൈവത്തിന്റെ ഒരു വിരലടയാളം അക്രമി ബാക്കിയിട്ടിരിക്കുമെന്നാണ് കുറ്റാന്വേഷണ ശാസ്ത്രം പറയുന്നത്. ഇത് വളരെ ഗൗരവമായി എടുക്കണം. കുറ്റകൃത്യങ്ങൾ സമാനതയുള്ളതായതിനാലും അടുത്തടുത്ത സ്ഥലങ്ങളിൽ നടന്നതിനാലും മാളയിൽ നടത്തുന്ന സി.ബി.ഐ. അന്വേഷണത്തിന്റെ പരിധിയിൽ പെരിഞ്ഞനം, പുല്ലൂറ്റ് സംഭവങ്ങളും ഉൾപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സംഭവങ്ങളെപ്പറ്റി പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ രീതിയിൽ തെളിവുകളൊക്കെ എടുത്ത് പരിശോധിച്ചിട്ടാണെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly